## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3260**

**14/7/2015**- ലെ മറുപടിക്ക്

### <u>വായ്പയുമായി ബന്ധപ്പെട്ട സഹായങ്ങൾ</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. എ.എ അസീസ് | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ അവരെ വായ്പ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 1.4.2008 മുതൽ നടപ്പിലാക്കിവരുന്നു. |
| ബി) വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പയുമായി ബന്ധപ്പെട്ട് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ കഴിയുക എന്ന് വ്യക്തമാക്കുമോ? | ബി) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലവധിയിലോ വായ്പാ കാലവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതി തള്ളാവുന്നതാണ്. വായ്പ എടുത്തശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പ മുതലിനത്തിൽ പരമാവധി 75,000 രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇതിലേക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും നൽകുന്ന ഓരോ വായ്പകളിൽ നിന്നും 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് വായ്പക്കാരനിൽ നിന്നു ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേക്ക് അടക്കേണ്ടതായിട്ടുണ്ട് |

Hayeyan

സെക്ഷൻ ഓഫീസർ